(എ) രാജപ്രമുഖൻ സ്റ്റേറ്റിൽനിന്നും വേറെ എവിടെയെങ്കിലും പോകുന്നതിനു് ഇൻഡ്യാഗവണ്മെൻറിന്റെ അനുവാദം വേണമെന്നു് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ഈ നിർദ്ദേശം ഉണ്ടായി ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഗവണ്മെൻറിനു് അറിവില്ല.

(ബി) ഒ ഉപചോദ്യത്തിന്റെ ഉത്തരം കൊണ്ടു് ഈ ചോദ്യത്തിന്റെ ആവശ്യം ഇല്ല.

ഇൻഡ്യൻ നിയമങ്ങൾ

*൪൫ (൪൯) ശ്രീ. വി. കെ. വഹീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ട്രാൻസ്-ഫ്രെ പാർട്ടു് "ബിസ്റ്റേറ്റു്" ആക്ടു് പ്രകാരം ഈ സംസ്ഥാനത്തിനു ബാധകമാക്കിയ ഇൻഡ്യൻ നിയമങ്ങൾ ഇവിടെ നടപ്പാക്കുന്നതിനെസംബന്ധിച്ചു് ഈ ഗവണ്മെൻറുമായി മൻക്കൂട്ടി എന്തെങ്കിലും ആലോചിട്ടുണ്ടോ ?

(ബി) ഈ ഗവണ്മെൻറു് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

(സി) ഇൻഡ്യൻ സക്സഷൻ ആക്ടു് ഈ സംസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിനെ പ്രതിഷേധിച്ചു് എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ): (എ) ഉണ്ടു്.

(ബി) ചില നിയമങ്ങളെപ്പറ്റി പ്രത്യേകമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

(സി) ഇല്ല.

NEDUMANGAD ARUVIKARA ROAD

*49. [46] **Sri. Neelakantaru Pandarathil:** Will the hon. Minister for Public Works be pleased to state—

whether Government are in possession of representations from the public for the reopening of the Nedumangad—Aruvikara Road.

Minister for Public Works **(Sri. G. Chandrasekara Pillai):**

Yes. The matter is receiving the attention of Government.

തിരു-കൊച്ചി സംയോജനം

*൫൦ (൬൧) ശ്രീ. എസ്സു്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരു-കൊച്ചി സംയോജനം നടന്നതോടുകൂടി നിയമനിർമ്മാണത്തിനും ഐകരൂപ്യം ഉണ്ടായിട്ടുണ്ടോ ?

(ബി) ഉണ്ടായിട്ടില്ലെങ്കിൽ അതിനു കാരണം എന്തു് ?

തൊഴിലും, വ്യവസായവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ: (എ) മിക്ക നിയമങ്ങൾക്കും ഐകരൂപ്യം വന്നിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിലേക്ക് ബാധകമാക്കിയിട്ടുള്ളതും തിരു-കൊച്ചിയിലുണ്ടായിരുന്ന നിയമങ്ങളെ ഏകീകരിച്ച് ഈ സഭ പാസ്സാക്കിയതും കഴിച്ച് ബാക്കി ഏകീകരിക്കേണ്ട നിയമങ്ങളുടെ പല ബില്ലുകളും പല ഘട്ടങ്ങളിലായി ഈ സഭയിൽ സ്ഥിതിചെയ്യുന്നുണ്ട്. ബാക്കി വരുന്ന നിയമങ്ങളുടെ ബില്ലുകൾ തയ്യാറാക്കി പല ഘട്ടങ്ങളിലായിരിക്കുന്നുണ്ട്. അവ വളരെ താമസം കൂടാതെ സഭയിൽ അവതരിപ്പിക്കുന്നതാകുന്നു.

മദ്യനിരോധനം

*൫൨ (൬൭) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) അടുത്തയാണ്ടിൽ തിരു-കൊച്ചി സംസ്ഥാനത്ത് എതെല്ലാം താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്?

(ബി) ഉണ്ടെങ്കിൽ അടുത്ത വർഷം കൊല്ലം താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള).

(എ) ഇതിനെ സംബന്ധിച്ച് തീരുമാനം ഉണ്ടായിട്ടില്ല.

(ബി) എ. യുടെ ഉത്തരം കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTION

1. [5] **Sri. K. P. Nilakanta Pillai**: Will the hon. Minister for Labour be pleased to answer the following.—

(*a*) whether the labourers of Ponmudi, Invercaull, Merchistom and Bonaccad estates have gone on a general strike;

(*b*) if so, when was the strike commenced and what is the total number of labourers involved in the strike;

(c) whether a memorandum has been submitted by the labourers of those estates and if so when was it presented and what were the grievances sought to be remedied in the memorandum;

(*d*) what action has been taken on the memorandum?

Minister for Labour and Industry **(Sri. P. K. Krishnankutty Menon)**:

(*a*) Yes.

(*b*) The strike was commenced on 20th August 1951. About 2,000 labourers were involved in this strike.

(c) A memorandum of demands was presented to the managements of the estates by the Nedumangad Taluk Estate Workers' Union, on 8—5—1951. The memorandum demanded the following:—

(1) An adult worker shall have a minimum wage of Rs. 72 per mensem (except craftsmen and factory workers).

(2) Every worker shall have a housing accommodation of 100 square feet under healthy conditions.

(3) Free and compulsory basic education shall be given to the children of school-going age of the labourers.

(4) Every labourer should have free and easy access to a fairly well equipped dispensary or hospital. Women should have adequate provision for maternity clinics.

(5) Every adult labourer should be given a ration of 45 *nali* rice per month (besides other cereals) and the members of his family should be given ordinary ration. He should also be sold at the controlled rates at least 20 yards for clothing.

LIBRARY ARCHIVES Kerala Legislative Assembly